**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2872** **24-02-2026 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരള ജല അതോറിറ്റിക്ക് വാട്ടർ ചാർജ് ഇനത്തിൽ 31-01-2026-ലെ ഡി.സി.ബി പ്രകാരമുള്ള കുടിശ്ശിക താഴെ പറയും പ്രകാരമാണ്.<br><br>1. ഗാർഹികം: 334.69 കോടി രൂപ<br>2. ഗാർഹികേതരം: 190.63 കോടി രൂപ<br>3. വ്യാവസായികം: 4.04 കോടി രൂപ<br>4. സ്പെഷ്യൽ : 4.60 കോടി രൂപ<br>5. മറ്റിനങ്ങൾ : 159.02 കോടി രൂപ<br>6. എൽ.എസ്.ജി.ഡി. (പൊതു ടാപ്പുകൾ): 119.64 കോടി<br><br>ആകെ : 812.62 കോടി രൂപ |
| (ബി) | വാട്ടർ അതോറിറ്റിക്ക് എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളതെന്നും അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം അതോറിറ്റിക്കുള്ള നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ? | (ബി) | 2026 ജനുവരിയിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 44,06,536 ഗാർഹിക വാട്ടർ കണക്ഷനുകളാണുള്ളത്. ഇതിൽ 15,861 മീറ്ററുകൾ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, നിയമാനുസൃതമായ സർചാർജ് ഈടാക്കുന്നതിനാൽ മീറ്ററുകൾ കേടാകുന്നത് വഴി വാട്ടർ അതോറിറ്റിക്ക് പ്രകടമായ സാമ്പത്തിക നഷ്ടം സംഭവിക്കുന്നില്ല. ഒരു വാട്ടർ മീറ്റർ പ്രവർത്തന രഹിതമായാൽ, ഉപഭോക്താവിന്റെ മുൻപത്തെ ശരാശരി ഉപയോഗം കണക്കാക്കിയാണ് ബില്ല് തയ്യാറാക്കുന്നത്. ഇതിനുപുറമെ നിയമാനുസൃതമായ സർചാർജും ഈടാക്കുന്നുണ്ട്. ആദ്യ രണ്ടു മാസങ്ങളിൽ ശരാശരി വാട്ടർ ചാർജിന്റെ 25% വും. അടുത്ത രണ്ടു മാസങ്ങളിൽ 50% വും. ആറുമാസം കഴിഞ്ഞാൽ 100% വും സർചാർജായി ഈടാക്കുന്നു. ഇത്തരത്തിൽ 100% സർചാർജ് ഈടാക്കുന്നതിലൂടെ മീറ്റർ തകരാറിലായാലും വരുമാനനഷ്ടം ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. മീറ്റർ കേടാണെന്ന് ബോധ്യപ്പെട്ടാൽ അത് മാറ്റിസ്ഥാപിക്കാൻ ഉപഭോക്താവിന് നോട്ടീസ് നൽകും. നോട്ടീസ് ലഭിച്ച് മൂന്ന് മാസത്തിന് ശേഷവും |

| | | | |
|---|---|---|---|
| | | | മീറ്റർ മാറ്റി സ്ഥാപിക്കാത്ത പക്ഷം, അത്തരം കണക്ഷനുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ